LIBRARY ARCHIVES Kerala Legislative Assembly

കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം

228(498) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ 17-9-2019-ന് ആരംഭിക്കുകയുമുണ്ടായി. കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ. കെ. വി. വിജയകുമാരൻ എന്നയാൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ടൈബ്യൂണലിൽ Apl. 658/19, IA 1429/2019 നമ്പരായി ഫയൽ ചെയ്ത ഹർജികളിൽ ബിൽഡിംഗ് പെർമിറ്റ് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

നികുതി വകുപ്പിനെക്കൂടി അവശ്യ കക്ഷിയായി ഉൾപ്പെടുത്തി അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ടൈബ്യൂണലിൽനിന്നുള്ള സ്റ്റേ നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാരിനെ പ്രതിനിധീകരിച്ച് കേസ് നടത്തുന്നതിനും ജില്ലാ രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിട നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിലേക്കായി ടൈബ്യൂണലിന്റെ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം

229(499) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?